## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 239 — 28.06.2016-ൽ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ.പി.വി.അൻവർ<br>ശ്രീഐ.ബി.സതീഷ്<br>ശ്രീ.സി.കെ.ഹരീന്ദ്രൻ | ശ്രീ. പി.തിലോത്ത്മൻ<br>ഭക്ഷ്യവും, പൊതുവിതരണവും,<br>വകുപ്പ് മന്ത്രി |

### ഇ-ടെൻഡർ വ്യവസ്ഥയും പർച്ചേയ്സ് മാന്വലും

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ഇ-ടെൻഡർ വ്യവസ്ഥയും പർച്ചേയ്സ് മാന്വലും ലംഘിച്ചുകൊണ്ട് സിവിൽ സപ്ലൈസ് വകുപ്പ് നടത്തിയ ഇടപാടുകളെക്കുറിച്ചുള്ള പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ)യും (ബി) യും | 2011-16 കാലയളവിലെ സർക്കാരിന്റെ കാലത്ത് ഇ-ടെൻഡർ വ്യവസ്ഥയും പർച്ചേയ്സ് മാന്വലും ലംഘിച്ചുകൊണ്ട് സിവിൽ സപ്ലൈസ് വകുപ്പ് നടത്തിയ ഇടപാടുകളെക്കുറിച്ചും പ്രസ്തുത കാലയളവിലെ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. അനൂപ് ജേക്കബ് നടത്തിയ 36.5 കോടിയുടെ അഴിമതിയെക്കുറിച്ചും അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ ആയിരുന്ന ശ്രീ.വി.ശിവൻകുട്ടി 22.02.2016-ന് ഡയറക്ടർക്ക് പരാതി നൽകിയിരുന്നു. പ്രസ്തുത പരാതി പരിശോധിച്ച് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ എറണാകുളം മദ്ധ്യമേഖലാ പോലീസ് സൂപ്രണ്ട് മുഖാന്തിരം ഒരു സത്വരാന്വേഷണം നടത്തുന്നതിന് 24.02.2016 തീയതിയിൽ ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ബി) | ഈ ഇടപാടുകൾ സംബന്ധിച്ച് മുൻ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ഉൾപ്പെടെയുള്ളവരെ കുറിച്ച് വിജിലൻസ് ത്വരിതാന്വേഷണ- ത്തിന് ഉത്തരവിടാനുള്ള സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത അന്വേഷണം ഏതു ഘട്ടത്തിലാണെന്നും അതിന്റെ പുരോഗതിയും വ്യക്തമാക്കുമോ; | (സി) | പ്രസ്തുത വിഷയം സംബന്ധിച്ച് ക്യു.വി 07/2016/സി.ആർ.ഇ എന്ന നമ്പരിൽ എറണാകുളം മദ്ധ്യമേഖല പോലീസ് സൂപ്രണ്ട് ഒരു സത്വരാന്വേഷണം നടത്തി വരുന്നു. അന്വേഷണം ഉടൻ പൂർത്തീകരിച്ച് നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. |
| (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതു കമ്പോളത്തിലെ വിലക്കയറ്റം തടയാൻ കഴിയുന്ന തരത്തിൽ കമ്പോള ഇടപെടൽ നടത്തുന്നതിൽ കോർപ്പറേഷൻ പരാജയപ്പെട്ടതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (ഡി) | കേരളം പോലുള്ള ഒരു ഉപഭോക്തൃ സംസ്ഥാനത്തിന് പൊതുവിപണിയിലെ വിലവർദ്ധനവ് ഉണ്ടാക്കുന്ന ഘടകങ്ങളെ നിയന്ത്രിക്കുവാനും, സ്വാധീനിക്കുവാനുമുള്ള സംവിധാനം വളരെ പരിമിതമാണ്. എന്നാൽ സാമ്പത്തിക പരിമിതി മൂലം വിപണിയിടപെടൽ വഴി അവശ്യ സാധനങ്ങൾ കൂടുതൽ അളവിൽ എത്തിക്കുവാൻ സപ്ലൈകോയ്ക്ക് സാധിച്ചിരുന്നില്ല. ഇതു മറികടക്കുന്നതിനായി സപ്ലൈകോയുടെ മാർക്കറ്റ് ഇടപെടൽ തടസ്സമില്ലാതെ തുടരുന്നതിന് കൂടുതൽ തുക അനുവദിച്ചുകൊണ്ട് സപ്ലൈകോയുടെ മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ